(ജി) ചർച്ചയുടെ മിനിട്ട്സ് ഉണ്ടാക്കിയിട്ടില്ല. പകരം ചർച്ചയിൽ ഉരുത്തിരിഞ്ഞ ധാരണകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ ധാരണാപത്രത്തിന്റെ കരടുരൂപം മന്ത്രിസഭയ്ക്കു സമർപ്പിക്കുകയാണ് ചെയ്തത്. ചർച്ചയുടെ വിവരങ്ങൾ 7-5-2005-ലെ ജി.ഒ. (എം.എസ്.) 20/2005/ഐ.റ്റി.ഡി. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

(എച്ച്) 2005 ഏപ്രിൽ മാസത്തിലെ ചർച്ചകൾക്കുശേഷം മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ധാരണാപത്രത്തിന്റെ കരടു രൂപത്തിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഐ) പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ പേര് ബാജു ജോർജ്ജ് എന്നാണ്. അദ്ദേഹം ഡി.ഐ.സി. യുടെ സീനിയർ മാനേജർ കൊമേഴ്സ്യൽ പ്രോപ്പർട്ടി ആന്റ് പാർട്ണർ റിലേഷൻസ് ആണ്.

(ജെ) ഈ പദ്ധതി ഒരു ധാരണാപത്രത്തിന്റെ നിലയിൽ മാത്രമേ എത്തിയിട്ടുള്ളു. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിനെ അറിയിക്കേണ്ട ആവശ്യമില്ല.

സ്മാർട്ട് സിറ്റി കൺസൾട്ടന്റ് നിയമനം

37 [118] *ശ്രീ. പി. ടി. തോമസ്:*

„ *ബി. വിജയകുമാർ:*

„ *എ. സുജനപാൽ:*

„ *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് കൺസൾട്ടന്റിനെ നിയമിച്ചതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയ്ക്ക് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കൺസൾട്ടൻസി ഫീസ് എത്രയായിരുന്നു?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് കൺസൾട്ടന്റിനെ ഔദ്യോഗികമായി നിയമിച്ചിട്ടില്ല. എന്നാൽ അടിസ്ഥാന സൗകര്യവികസന പദ്ധതിയ്ക്കായി കേരള സർക്കാരിനെ സഹായിച്ചുകൊണ്ടിരിക്കുന്ന ഇന്റർനാഷണൽ ലീസിംഗ് ആന്റ് ഫൈനാൻഷ്യൽ സെർവീസസ് (IL & FS) എന്ന സ്ഥാപനത്തിന്റെ സേവനം ഈ പദ്ധതിയുടെ പ്രാരംഭഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല. ഫീസൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly